WEDNESDAY

22/04/2026

ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**


**Chief Editor: SINDHU. K S** **Editor: Dr. V. Krishnadas**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/04/2026

1. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ മനുരത്ന, മനുവർണ്ണ നെൽവിത്തുകൾ. മാവിന്റെ 21 ഇനങ്ങളുടെ തൈകൾ, അഞ്ചിനം പ്ലാവിന്റെ തൈകൾ. മോഹിത് നഗർ ഇനം കവുങ്ങ്, കേരശ്രീ തെങ്ങിൻതൈ, പേരയ്ക്ക ഇനങ്ങൾ. നാലിനം ചാമ്പ ലെയർ, നാരകം സപ്പോട്ട ഗ്രാഫ്റ്റ്, കുരുമുളക് ലെയർ തൈകൾ, റമ്പൂട്ടാൻ ബഡ്, വേപ്പ്, കറിവേപ്പില, സീതപ്പഴം, നിലക്കടല എന്നിവയുടെ തൈകൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2370726 എന്ന നമ്പരിൽ ബന്ധപ്പെടുക.

2. കായംകുളം കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ 'ഉദ്യാനവിളകളിലെ ജൈവ സുരക്ഷാ ഭീഷണിയും നിവാരണ മാർഗ്ഗങ്ങളും' എന്ന വിഷയത്തിൽ ഏപ്രിൽ 22 മുതൽ 24 വരെ മൂന്നു ദിവസത്തെ ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. അധിനിവേശ സസ്യങ്ങൾ, കീടരോഗങ്ങൾ എന്നിവയ്ക്കെതിരെ ശാസ്ത്രസമൂഹത്തിൽ അവബോധം വർദ്ധിപ്പിക്കുന്നതിനായി നടത്തുന്ന സെമിനാറിൽ മൂന്നു സാങ്കേതിക സെഷനുകളും ഒരു ശില്പശാലയും ഉണ്ടായിരിക്കും. ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ ഡെപ്യൂട്ടി ഡയറക്ടർ ഡോ. എസ്

കെ സിങ്ങ്, ഭാരത സർക്കാർ സസ്യ സംരക്ഷണ ഉപദേഷ്ടാവ് ഡോ. ജെ പി സിങ്ങ്, ഐ സി എ ആർ മുൻ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ എൻ കെ കൃഷ്ണകുമാർ, സി പി സി ആർ ഐ മുൻ ഡയറക്ടർ ഡോ. ജോർജ്ജ് വി തോമസ്, ഐ സി എ ആർ മുൻ അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ ടി പി രാജേന്ദ്രൻ, സി പി സി ആർ ഐ ഡയറക്ടർ ഡോ കെ ബി ഹെബ്ബാർ തുടങ്ങിയവർ മൂന്നു ദിവസത്തെ പരിപാടികളിൽ പങ്കെടുക്കും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും 100 ൽപ്പരം ശാസ്ത്രജ്ഞർ, ഗവേഷണ വിദ്യാർഥികൾ, വിജ്ഞാന വ്യാപന പ്രവർത്തകർ, ഭരണകർത്താക്കൾ, വിത്തും തൈകളും വിപണനം നടത്തുന്ന നഴ്സറി സംരംഭകർ തുടങ്ങിയവർ പങ്കെടുക്കും.

3. റബ്ബർ മരങ്ങളിൽ ടാപ്പിങ് തുടങ്ങാനായി മാർക്കുചെയ്യുന്നതിനെക്കുറിച്ചും പുതുതായി ടാപ്പിങ് ആരംഭിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും അറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഈ വിഷയങ്ങൾ സംബന്ധിച്ച ചോദ്യങ്ങൾക്ക് ഇന്ന് (2026 ഏപ്രിൽ 22) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കമ്മീഷണർ ഡോ. കെ.എ. വിൻസെന്റ് ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 0481 2576622.

## പരിശീലന പരിപാടി

4. കേരള കാർഷിക സർവ്വകലാശാലയുടെ ഇ–പഠന കേന്ദ്രം നടത്തിവരുന്ന **"സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് കോഴ്സിന്റെ പുതിയ ബാച്ച് **2026 മെയ് 14** ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സില് രജിസ്റ്റര് ചെയ്യാം. മെയ് 24 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും

നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **മെയ് 14** മുതൽ യൂസര് ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളില് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺനമ്പർ 0487-2438566.

5. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ആറുമാസത്തെ തേനീച്ചവളർത്തൽ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്എസ്എൽസിയോ തത്തുല്യ അടിസ്ഥാന വിദ്യാഭ്യാസയോഗ്യത യോ ഉള്ള 18നും 30നും ഇടയിൽ പ്രായമുള്ളവർക്ക് ഓൺ ലൈനായി അപേക്ഷിക്കാം. ഫീസ് 30,000 രൂപ. ഇതിനുപുറമെ ഫീൽഡ് ട്രെയിനിങ്ങിന് ചെലവാകുന്ന അധികതുക അപേക്ഷകർ വഹിക്കണം. അപേക്ഷാഫീ സ് 50 രൂപ. ജൂലൈ 31നകം അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9747321760. വെബ് സൈറ്റ്: khadi.kerala.gov.in

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.), റബ്ബറിനെ ബാധിക്കുന്ന ഇലരോഗങ്ങളുടെ നിയന്ത്രണത്തിനായി ഡ്രോണുപയോഗിച്ച് മരുന്നുതളി നടത്തുന്നതിനെക്കുറിച്ച് ഏപ്രിൽ 22-ന് രാവിലെ 10.30 മുതൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉച്ചകഴിഞ്ഞ് 12.30 വരെ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 6238092175 എന്ന നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**കാർഷിക നിർദേശം**

7. വളർത്തു മൃഗങ്ങൾക്കു അമിതമായ ചൂട് ജീവഹാനിക്ക് കരണമാകാമെന്നതിനാൽ ശരീരത്തിന്റെ ഊഷ്മാവ് ക്രമീകരിക്കണം. കുടിക്കാനായി ശുദ്ധജലം എല്ലായിപ്പോഴും പുൽത്തൊട്ടിയിൽ ലഭ്യമായിരിക്കണം. കൊടിയ വേനലിൽ ചൂട് കുറവുള്ള അതിരാവിലെയും വൈകിട്ടും തീറ്റ നൽകുക; മൃഗങ്ങളെ മേയാൻ വിടുന്നത് വെയിലില്ലാത്ത സമയത്ത് മാത്രമായി നിയന്ത്രിക്കുകയോ, തണലത്തു മാത്രം കെട്ടുകയോ ചെയ്യണം. പകൽ 11 മണി മുതൽ വൈകിട്ട് മൂന്ന് മണി വരെ മൃഗങ്ങളെ പണികൾക്കായുപയോഗിക്കുന്നതും തുറന്ന വാഹനങ്ങളിൽ കൊണ്ടുപോകുന്നതും ഒഴിവാക്കണം.